# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1032** 28.04.2017 ൽ മറുപടിയ്ക്ക്

**മൂന്നാറിൽ കെ.എസ്.ഇ.ബി. ഭൂമി കയ്യേറ്റം**

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്താണ് എന്നത് വ്യക്തമാക്കുമോ; | (എ) മൂന്നാറിൽ എല്ലാ അനധികൃത കയ്യേറ്റങ്ങൾക്കുമെതിരെ കെ.ഡി.എച്ച് നിയമം, ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാർ നയം. |
| (ബി) | പ്രസ്തുത സ്ഥലത്ത് നിലവിൽ കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങൾ ഏതെല്ലാമാണ്;വസ്തുവിന്റെയും, കയ്യേറ്റക്കാരുടെയും പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ;മൂന്നാറിൽ കെ.എസ്.ഇ.ബി.ക്ക്എത്ര ഹെക്ടർ സ്ഥലമാണുണ്ടായിരുന്നത്;ആയതിൽ ഇപ്പോൾ എത്ര ഹെക്ടർ സ്ഥലം ബാക്കി കൈവശമുണ്ട്; | (ബി) കെ.എസ്.ഇ.ബി.യുടെ വക മൂന്നാറിലുള്ള സ്ഥലത്ത് നിരവധി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതിൽ പല കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുള്ളതും ചില കയ്യേറ്റങ്ങൾ കോടതി കേസുകൾ നിലവിലുള്ളതിനാൽ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിലേക്കായി ദേവികുളം സബ്കളക്ടറുടെ കാര്യാലയത്തിനു കീഴിൽ പ്രത്യേക സർവെ സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്. പള്ളിവാസൽ വില്ലേജിൽ കെ.എസ്.ഈ.ബി. വക ഭൂമി സംബന്ധിച്ചും കെ.എസ്.ഇ.ബി മറ്റ് വകുപ്പുകൾക്ക് കൈമാറി നൽകിയ ഭൂമി സംബന്ധിച്ചും അത്തരം ഭൂമിയിലെ പട്ടയങ്ങൾ, അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും നിലവിലുള്ള റവന്യൂ റിക്കാർഡുകൾ പ്രകാരം അന്വേഷണം നടന്നുവരുന്നതാണ്. കെഎസ്.ഇ.ബി. യുടെ കൈവശം എത്ര ഭൂമി ഉണ്ടായിരുന്നു എന്നത് സംബന്ധിച്ചും, നിലവിലുള്ള ഭൂമിയുടെ അളവ് സംബന്ധിച്ചും കൃത്യമായ രേഖകൾ ലഭ്യമായശേഷവും, വിശദമായ പരിശോധനക്കും ശേഷമേ വ്യക്തത വരുത്താൻ സാധിക്കുകയുള്ളൂ. |
| (സി) | കെ.എസ്.ഇ.ബി.യുടെ കീഴിലുണ്ടായിരുന്ന വസ്തുവിൽ അനധികൃത കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ;എങ്കിൽ ആരെല്ലാമാണ് പ്രസ്തുത ഭൂമി കയ്യേറി പട്ടയങ്ങൾ നേടിയിട്ടുള്ളത് എന്നത് വിശദമാക്കുമോ; | (സി)കെ.എസ്.ഇ.ബി.യുടെ വക സ്ഥലത്ത് നിരവധി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരെല്ലാമാണ് പ്രസ്തു ഭൂമി കയ്യേറി പട്ടയങ്ങൾ നേടിയിട്ടുള്ളത് എന്നത് സംബന്ധിച്ച് വിശദമായി പരിശോധനകൾ നടന്നുവരുന്നതാണ്. |

| | | |
|---|---|---|
| (ഡി) | അനധികൃത കടിയേറ്റങ്ങളും വ്യാജ പട്ടയങ്ങളും ഒഴിവാക്കി സർക്കാർ, ബോർഡ് വസ്തുക്കൾ തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) ഭൂസംരക്ഷണ നിയമം, കെ. ഡി.എച്ച്. നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ